**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2845** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | സഹകരണ വകുപ്പിലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച് 25.02.2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളും പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കി സമർപ്പിച്ച പൊതുസ്ഥലം മാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ 04.06.2023-ലെ സ.ഉ.(കൈ) നമ്പർ 8/2023/Co-op നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്.<br><br>സഹകരണ വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ 08.12.2023 ലെ RCS/6462/2021 EA 1 ഉത്തരവ് പ്രകാരം 11.12.2023 മുതൽ സ്പാർക്ക് മുഖേന ജീവനക്കാർക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക മുതൽ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/ സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ തസ്തിക വരെയുള്ള കേഡർ വിഭാഗത്തെ കൂടാതെ കെ.എസ്.ആർ. ചട്ടം 144, 156 പ്രകാരമുള്ള തസ്തികകൾ നിലനിൽക്കുന്ന സഹകരണ വകുപ്പിൽ ടി ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനു കഴിയാതെ വരുകയുണ്ടായി.<br><br>അതേ അവസരത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഓൺലൈൻ ട്രാൻസ്ഫറിനായി അപേക്ഷ ക്ഷണിച്ച നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA No.20/2024 ഫയൽ ചെയ്യപ്പെടുകയും ആയതിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി കേസിന്റെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ |

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കാത്തത് അഴിമതിയും ക്രമക്കേടുകളും വർദ്ധിക്കുന്നതിന് കാരണമാകും എന്നതിനാൽ അടിയന്തരമായി ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സഹകരണ വകുപ്പിലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച് 25.02.2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളും പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കി സമർപ്പിച്ച പൊതുസ്ഥലം മാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ 04.06.2023-ലെ സ.ഉ.(കൈ) നമ്പർ 8/2023/Co-op നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br><br>സഹകരണ വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ 08.12.2023 ലെ RCS/6462/2021 EA 1 ഉത്തരവ് പ്രകാരം 11.12.2023 മുതൽ സ്പാർക്ക് മുഖേന ജീവനക്കാർക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക മുതൽ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/ സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ തസ്തിക വരെയുള്ള കേഡർ വിഭാഗത്തെ കൂടാതെ കെ.എസ്.ആർ. ചട്ടം 144, 156 പ്രകാരമുള്ള തസ്തികകൾ നിലനിൽക്കുന്ന സഹകരണ വകുപ്പിൽ ടി ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനു കഴിയാതെ വരുകയുണ്ടായി.<br><br>അതേ അവസരത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഓൺലൈൻ ട്രാൻസ്ഫറിനായി അപേക്ഷ ക്ഷണിച്ച നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA No.20/2024 ഫയൽ ചെയ്യപ്പെടുകയും ആയതിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി കേസിന്റെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ